"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം ജില്ലയിലെ ചാത്തന്നൂർ എസ്.എം.വി.യു.പി സ്കൂളിലെ പാർട്ട് ടൈം എൽ.ജി ഹിന്ദി അധ്യാപികയായ ശ്രീമതി. റീജ ജോർജ്ജിന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.643/2026/GEDN തീയതി,തിരുവനന്തപുരം, 22-01-2026

പരാമർശം:-

1. തിരുവല്ല, മാർത്തോമാ & ഇ.എ സ്കൂൾസ് മാനേജർ സമർപ്പിച്ച 08.01.2024 തീയതിയിലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/02/2025 ലെ എഫ്4/2713/2025/ഡി.ജി.ഇ നമ്പർ കത്ത്.
3. ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05/03/2025 ലെ AEOCHT/191/2025-D നമ്പർ കത്ത്.
4. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/03/2025 ലെ ഡി.ഇ.ഒ/292/2025-ബി1 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ചാത്തന്നൂർ എസ്.എം.വി.യു.പി സ്കൂളിലെ പാർട്ട് ടൈം എൽ.ജി ഹിന്ദി അധ്യാപികയായ ശ്രീമതി. റീജ ജോർജ്ജിന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരന്റെ പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 20.03.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) നേരിൽ കേട്ട വേളയിൽ മാനേജർ, ശ്രീമതി. റീജ ജോർജ്ജ് എന്നിവർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

എസ്.എം.വി.യു.പി.എസ് ചാത്തന്നൂരിലെ പാർട്ട് ടൈം എൽ.ജി (ഹിന്ദി) ആയിരുന്ന ശ്രീമതി. ജിഷാമോൾ ടി യെ ഫുൾ ടൈം എൽ.ജി ഹിന്ദി ആയി ഉദ്യോഗക്കയറ്റം നൽകി എം.ടി.എച്ച്.എസ് ചണ്ണപ്പേട്ടയിൽ നിയമിച്ച ഒഴിവിൽ ശ്രീമതി. റീജ ജോർജിനെ പാർട്ട് ടൈം എൽ.ജി (ഹിന്ദി) ആയി 13.08.2021 മുതൽ നിയമിച്ചിരുന്നു. (ശ്രീമതി. റീജ ജോർജിന്റെ നിയമനം ആദ്യ നിയമനം ആണ്). എന്നാൽ എം.ടി.എച്ച്.എസ് ചണ്ണപ്പേട്ടയിലെ ഫുൾ ടൈം എൽ.ജി ഹിന്ദി പിന്നീട് നഷ്ടപ്പെട്ടതിനാൽ ശ്രീമതി. ജിഷാമോൾ ടി യെ പാർട്ട് ടൈം എൽ.ജി (ഹിന്ദി) ആയി റിവേർട്ട് ചെയ്തു 13.08.2021 മുതൽ 12.01.2022 വരെ എം.ടി.യു.പി.എസ് തുരുത്തിക്കരയിൽ (ശാസ്താംകോട്ട) ലാവണം ക്രമീകരിച്ചിരുന്നു. ടി ലാവണ ക്രമീകരണം ശാസ്താംകോട്ട എ.ഇ.ഒ അംഗീകരിച്ചിട്ടുള്ളതാണ്. (13.01.2022 മുതൽ ശ്രീമതി ജിഷ മോൾ ടി യ്ക്കു എച്ച്.എസ്.ടി (ഹിന്ദി)

ആയി എം.ടി.എച്ച്.എസ് പത്തനംതിട്ടയിൽ ഉദ്യോഗക്കയറ്റ നിയമനം നൽകിയിട്ടുണ്ട്.) 01.07.2022 മുതൽ ശ്രീമതി. റീജ ജോർജിനെ എം.ടി.യു.പി.എസ് നന്നമുക്കിൽ (എടപ്പാൾ) മറ്റു സീനിയർ അവകാശികൾ ആരും ഇല്ലാത്ത സാഹചര്യത്തിൽ ഫുൾ ടൈം എൽ.ജി (ഹിന്ദി) ആയി ഉദ്യോഗക്കയറ്റം നൽകി നിയമിച്ചിരുന്നു. ടി നിയമനവും എടപ്പാൾ എ.ഇ.ഒ അംഗീകരിച്ചിട്ടുണ്ട്. ഈ ഒഴിവിലാണ് 01.07.2022 മുതൽ ശ്രീ. രാഹുൽ എസ് ജോണിനെ പാർട്ട് ടൈം എൽ.ജി (ഹിന്ദി) ആയി എസ്.എം.വി.യു.പി.എസ് ചാത്തന്നൂരിൽ തുടർച്ചയായി നിയമിച്ചത് (ടി നിയമനം ശ്രീ. രാഹുൽ എസ് ജോണിന്റെ ആദ്യ നിയമനം ആണ്). ടി നിയമനം ഭിന്നശേഷി വ്യവസ്ഥകൾക്കനുസരണമായി ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ ശ്രീമതി റീജ ജോർജിന്റെ 13.08.2021 മുതൽ 30.06.2022 വരെയുള്ള പാർട്ട് ടൈം എൽ.ജി (ഹിന്ദി) നിയമനം അംഗീകരിക്കുന്നതിനായുള്ള റിവിഷൻ പെറ്റിഷൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ താഴെപ്പറയുന്ന റിമാർക്കോടെയാണ് തീർപ്പാക്കിയിരിക്കുന്നത്.

"*സീനിയർ നിയമനാർഥികൾ ആരും തന്നെ ശ്രീ. രാഹുൽ എസ് ജോണിന്റെ 01.07.2022 മുതലുള്ള ഒഴിവിൽ പരിഗണിക്കപ്പെടുവാൻ ഇല്ലെന്ന മാനേജർ സമർപ്പിച്ച സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലാണ് അംഗീകരിച്ചത്. ശ്രീമതി റീജ ജോർജിന്റെ നിയമനം അംഗീകരിക്കണമെങ്കിൽ ശ്രീ. രാഹുൽ എസ് ജോണിന്റെ നിയമനാംഗീകാരം റദ്ദ് ചെയ്യുകയും ടിയാൾ കൈപ്പറ്റിയ വേതനം തിരിച്ചടയ്ക്കുകയും വേണ്ടതുണ്ട്*" ഈ നിർദ്ദേശം തികച്ചും യാഥാർഥ്യങ്ങൾക്കു നിരക്കാത്തതും നിയമപരമല്ലാത്തതും ആകുന്നു. ശ്രീ രാഹുൽ എസ് ജോണിന്റെ നിയമനം 01.07.2022 മുതൽ മാത്രമാണ് ശ്രീമതി. റീജ ജോർജിന്റെ നിയമനം 13.08.2021 മുതൽ 30.06.2022 വരെ ചാത്തന്നൂർ എസ്.എം.വി.യു.പി.എസ് ൽ പാർട്ട് ടൈം എൽ.ജി ആയും 01.07.2022 മുതൽ ഫുൾ ടൈം എൽ.ജി ആയി എം.ടി.എസ്.യു.പി.എസ് നന്നമുക്കിലുമാണ്. ചാത്തന്നൂർ എസ്.എം.വി.യു.പി.എസ് ൽ ശ്രീമതി റീജ ജോർജിനെ നിയമിച്ചത് ശ്രീമതി.ജിഷാമോൾ ടി യുടെ സ്ഥലംമാറ്റ ഒഴിവിലാണ്. (ടി ഒഴിവ് വ്യവസ്ഥാപിതമാണ്). ശ്രീ.രാഹുൽ എസ്. ജോണിന്റെ ഒഴിവിൽ പരിഗണിക്കപ്പെടാൻ സീനിയർ നിയമനാർഥികൾ ആരും ഇല്ല എന്ന് നൽകിയ സത്യവാങ്മൂലം ശരിയായിട്ടുള്ളതാണ്. ശ്രീ. രാഹുൽ എസ് ജോണിനെ 01.07.2022 ൽ നിയമിക്കുമ്പോൾ സീനിയർ നിയമനാർഥിയായ റീജ ജോർജിന് ഫുൾ ടൈം എൽ.ജി(ഹിന്ദി) ആയി എം.ടി.എസ്.യു.പി.എസ് നന്നമുക്കിൽ നിയമനം നല്കിയിട്ടുള്ളതാണ്. ടി നിയമനവും അംഗീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി റീജ ജോർജിനെ നിയമിച്ച ഒഴിവ് 13.08.2021 മുതൽ 30.06.2022 വരെ വ്യവസ്ഥാപിതമായതിനാലും സീനിയർ അവകാശികളുടെയോ നിയമനാർഥികളുടെയോ അവകാശങ്ങൾ നിഷേധിക്കപ്പെട്ടിട്ടില്ലാത്തതിനാലും ശ്രീമതി. റീജ ജോർജിന്റെ 13.08.2021 മുതലുള്ള പാർട്ട് ടൈം എൽ.ജി (ഹിന്ദി) നിയമനം അംഗീകരിച്ചു നൽകുവാൻ ഉത്തരവായി ഈ റിവിഷൻ പെറ്റിഷൻ അംഗീകരിച്ചു നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

3) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.</u>

ചാത്തന്നൂർ എസ്.എം.വി.യു.പി സ്കൂൾ കോർപ്പറേറ്റ് മാനേജർ പ്രസ്തുത സ്കൂളിലെ പാർട്ട് ടൈം എൽ.ജി ഹിന്ദി അധ്യാപികയായ ശ്രീമതി. റ്റി ജിഷാമോൾക്ക് 13/08/2021 മുതൽ ഫുൾ ടൈം

എൽ.ജി ഹിന്ദി അധ്യാപികയായി ചണ്ണപ്പേട്ട എം.റ്റി.എച്ച്.എസ് ലേക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി. റീജ ജോർജ്ജിനെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) പാർട്ട് ടൈം തസ്തികയിൽ 13/08/2021 മുതൽ നിയമിക്കുകയും നിയമനാംഗീകാരത്തിനായുള്ള അപേക്ഷയും, അനുബന്ധ രേഖകളും സമന്വയ വഴി ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു. ശ്രീമതി. റ്റി ജിഷാമോളുടെ എൽ.ജി.ഹിന്ദി അധ്യാപികയായി സ്ഥാനക്കയറ്റം ലഭിച്ച ഉത്തരവ് അപ് ലോഡ് ചെയ്യാത്തതിനാലും, കോർപ്പറേറ്റ് മാനേജരുടെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും ശ്രീമതി. റീജ ജോർജ്ജിന്റെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) പാർട്ട് ടൈം തസ്തികയിലെ 13/08/2021 മുതലുള്ള നിയമനം കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 എ.ചട്ടം 8(3) പ്രകാരം ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവ് നൽകിയിരുന്നു. ആയതിന്മേലുള്ള അപ്പീൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറും നിരസിച്ചു നൽകി. തുടർന്ന് മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ച റിവിഷൻ അപ്പീൽ ചുവടെ പറയുന്ന കാരണങ്ങളാൽ നിരസിച്ച് നൽകുകയുണ്ടായി. ചാത്തന്നൂർ എസ്.എം.വി.യു.പി.എസ് ൽ ഒരു പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് (ഹിന്ദി) തസ്തികയാണ് അനുവദിച്ച് വരുന്നത്. ടി തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീമതി. റ്റി. ജിഷമോളെ ഫുൾ ടൈം എൽ.ജി ഹിന്ദി അധ്യാപികയായി 13/08/2021 മുതൽ ചണ്ണപ്പേട്ട എം.ടി.എച്ച്.എസ് ൽ സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിലാണ് 13/08/2021 മുതൽ ശ്രീമതി. റീജാജോർജിനെ നിയമിച്ചത്. എന്നാൽ തസ്തിക വ്യവസ്ഥാപിതമാകാത്തതിനാൽ ശ്രീമതി. ജിഷമോളുടെ സ്ഥാനക്കയറ്റം അംഗീകരിച്ചില്ല. തുടർന്ന് ശ്രീമതി. ജിഷ മോളെ റിവർട്ട് ചെയ്ത് പാർട്ട് ടൈം ജൂനിയർ ലാഗ്വേജ് (ഹിന്ദി) അധ്യാപികയായി തുരുത്തിക്കര എം.ടി.യു.പി.എസ് ൽ നിയമിക്കുകയും ടിയാരിയുടെ 13/08/2021 മുതൽ 12/01/2022 വരെയുള്ള ലാവണം ടി സ്കൂളിൽ ക്രമീകരിക്കുകയും പ്രസ്തുത റിവർഷനും ലാവണ ക്രമീകരണവും ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആകയാൽ ശ്രീമതി. റീജാജോർജിനെ നിയമിച്ച ചാത്തന്നൂർ എസ്.എം.വി.യു.പി.എസ് ലെ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് (ഹിന്ദി) തസ്തിക സ്ഥാപിതമായതായി കണക്കാക്കാവുന്നതാണ്. എന്നാൽ സീനിയർ നിയമനാർത്ഥിയായ ശ്രീമതി. റീജാ ജോർജിന്റെ നിയമനം അംഗീകരിക്കുന്നതിന് മുൻപ് ശ്രീ. രാഹുൽ എസ് ജോണിന്റെ 01/07/2022 മുതലുള്ള ഇതേ തസ്തികയിലെ നിയമനം ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ദിന വേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകി. സീനിയർ നിയമനാർത്ഥികൾ ആരും ഈ ഒഴിവിൽ പരിഗണിക്കപ്പെടുവാൻ ഇല്ലെന്ന മാനേജർ സമർപ്പിച്ച സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലാണ് ശ്രീ. രാഹുൽ എസ് ജോണിന്റെ നിയമനം അംഗീകരിച്ചത് എന്നാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിയ വിശദീകരണം. പ്രസ്തുത നിയമനം അംഗീകരിക്കണമെങ്കിൽ ശ്രീ രാഹുൽ എസ് ജോണിന്റെ നിയമനാംഗീകാരം റദ്ദ് ചെയ്യുകയും ടി നിയമനം മാനേജർ പിൻവലിച്ച് ശ്രീ രാഹുൽ എസ് ജോൺ കൈപ്പറ്റിയ വേതനം തിരിച്ചടയ്ക്കുകയും വേണ്ടതുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയാക്കിയ ശേഷം മാനേജർക്ക് റിവിഷൻ ഹർജി പുനർ സമർപ്പിയ്ക്കാവുന്നതാണ് എന്ന നിർദ്ദേശത്തോടെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ഉത്തരവ് നമ്പർ F4/241055/2023 തീയതി 27/11/2024 പ്രകാരം മാനേജറുടെ റിവിഷൻ അപ്പീൽ നിരസിച്ചു നൽകിയിട്ടുണ്ട്.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും

അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. ചാത്തന്നൂർ എസ്.എം.വി.യു.പി സ്കൂളിലെ പാർട്ട് ടൈം ജൂനിയൽ ലാംഗ്വേജ് ഹിന്ദി അധ്യാപികയായ ശ്രീമതി റ്റി. ജിഷാമോൾക്ക് 13.08.2021 മുതൽ എൽ.ജി ഹിന്ദി അധ്യാപികയായി ചണ്ണപ്പേട്ട എം.റ്റി.എച്ച്.എസ് ലേക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി.റീജ ജോർജ്ജിനെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) പാർട്ട് ടൈം തസ്തികയിൽ 13.08.2021 മുതൽ മാനേജർ നിയമിച്ചു. ശ്രീമതി റ്റി ജിഷാമോളുടെ എൽ ജി ഹിന്ദി അധ്യാപികയായി ഉള്ള സ്ഥാനക്കയറ്റം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് അപ് ലോഡ് ചെയ്യാത്തതിനാലും നിലവിലെ കോർപ്പറേറ്റ് മാനേജരുടെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും ശ്രീമതി.റീജ ജോർജ്ജിന്റെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) പാർട്ട് ടൈം തസ്തികയിലെ 13.08.2021 മുതലുള്ള നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു. നിലവിൽ കോർപ്പറേറ്റ് മാനേജരുടെ നിയമനം അംഗീകരിച്ചുകൊണ്ടുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് അപ്പീലിനോടൊപ്പം സമർപ്പിച്ചിരിക്കുന്നു എന്നും സൂചിപ്പിച്ചിട്ടുള്ളതായി കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 08/12/2021-ലെ B1/195363/2021 നമ്പർ നടപടി ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. സീനിയർ നിയമനാർത്ഥിയായ ശ്രീമതി. റീജാ ജോർജിന്റെ നിയമനം അംഗീകരിയ്ക്കുന്നതിന് മുൻപ് ഇതേ സ്കൂളിൽ റീജ ജോർജ് ന ശേഷം നിയമിതനായ പാർട്ട് ടൈം എൽ.ജി ഹിന്ദി അധ്യാപകനായ ശ്രീ രാഹൽ.എസ്.ജോണിന്റെ 01/07/2022 മുതലുള്ള നിയമനം ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ദിന വേതനാടിസ്ഥാനത്തിൽ അംഗീകരിച്ച നല്കിയത് ക്രമത്തിൽ അല്ലെന്നും രാഹൽ. എസ്സ്. ജോണിന്റെ നിയമനം മാനേജർ പിൻവലിക്കുകയും ടിയാൾ കൈപ്പറ്റിയ വേതനം തിരികെ അടക്കുകയും ചെയ്ത ശേഷം ശ്രീമതി റീജ ജോർജിന്റെ നിയമനവുമായി ബന്ധപ്പെട്ട റിവിഷൻ അപ്പീൽ പുന: സമർപ്പിക്കാവുന്നതാണെന്നും അറിയിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിവിഷൻ അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചു. ശ്രീമതി റ്റി ജിഷമോളെ എഫ്.ടി എൽ.ജി ഹിന്ദി അധ്യാപികയായി 13/08/2021 മുതൽ ചണ്ണപ്പേട്ട എം.ടി.എച്ച്.എസ് ൽ സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവാണ് ചാത്തന്നൂർ എസ്സ് എം വി പി എസ്സിൽ 01/07/2022 മുതൽ ശ്രീ രാഹൽ.എസ്സ്.ജോൺ നെ നിയമിച്ചത്. ടി നിയമനം ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകി. എന്നാൽ തസ്തിക വ്യവസ്ഥാപിതമാകാതിരുന്നതിനാൽ ശ്രീമതി. ജിഷമോളുടെ സ്ഥാനക്കയറ്റം അംഗീകരിച്ചില്ല. തുടർന്ന് ശ്രീമതി ജിഷ മോളെ റിവർട്ട് ചെയ്ത് എം.ടി ജൂനിയർ ലാംഗ്വേജ് (ഹിന്ദി) അധ്യാപികയായി ഉരുത്തിക്കര എം.ടി.യു.പി.എസ് ൽ നിയമിയ്ക്കുകയും ടിയാളുടെ 13/08/2021 മുതൽ 12/01/2022 വരെയുള്ള ലാവണം ടി സ്കൂളിൽ ക്രമീകരിയ്ക്കുകയും പ്രസ്തുത റിവർഷനും ലാവണ ക്രമീകരണവും ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ശ്രീമതി ജിഷമോൾ.ടി യെ പത്തനംതിട്ട മാർത്തോമ്മാ എച്ച്.എസ്സിലെ എച്ച്.എസ്സ്.ടി ഹിന്ദി അധ്യാപിക ആയി 13/01/2022 മുതൽ നിയമിക്കുകയും ടി നിയമനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ച നൽകുകയും ചെയ്തിട്ടുള്ളതാണ് .ശ്രീമതി ജിഷമോൾ ടി യുടെ 13/08/2021 മുതൽ 12/01/2022 വരെയുള്ള ലാവണം ക്രമീകരിച്ചതു അംഗീകരിച്ചതിനാലും തുടർന്ന് ടിയാളുടെ 13/01/2022 മുതലുള്ള നിയമനം

അംഗീകരിച്ചതിനാലും ചാത്തന്നൂർ എസ്സ് എം വി യു പി സ്കൂളിലെ പാർട്ട് ടൈം എൽ..ജി ഹിന്ദി അധ്യാപക ഒഴിവ് 13/08/2021 മുതൽ തന്നെ സ്ഥാപിതമാണെന്നും ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി റീജ ജോർജ് ചാത്തന്നൂർ എസ്സ്.എം.വി യു.പി.എസ്സിൽ 13/08/2021 മുതൽ 30/06/2022 വരെയും രാഹുൽ എസ്സ് ജോൺ 01/07/2022 മുതലുമാണ് സേവനമാനുഷ്ഠിച്ചിട്ടുള്ളത് എന്ന് ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5) ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാഹുൽ.എസ്സ്.ജോണിന്റെ 01/07/2022 മുതലുള്ള നിയമനം മാനേജർ പിൻവലിക്കുകയോ ടിയാൾ കൈപ്പറ്റിയ വേതനം തിരികെ അടക്കുകയോ ചെയ്യേണ്ടതില്ല, ശ്രീമതി റീജ ജോർജിന്റെ ചാത്തന്നൂർ എസ്സ്.എം.വി യു.പി.എസ്സിലെ 13/08/2021 മുതൽ 30/06/2022 വരെയുള്ള നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ അംഗീകരിക്കുന്നതിന് ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി കൊണ്ടും, അപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചാത്തന്നൂർ
ശ്രീമതി. റീജ ജോർജ്ജ്, പി.റ്റി. എൽ.ജി (ഹിന്ദി), എസ്.എം.വി.യു.പി.എസ്, ചാത്തന്നൂർ, കൊല്ലം
മാനേജർ, മാർത്തോമ & ഇ.എ സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എസ്.സി.എസ് കാംപസ്, തിരുവല്ല, പത്തനംതിട്ട - 689 101
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 22-01-2026 16:37:29
സെക്ഷൻ ഓഫീസർ